# തെരുവ് നായ് നിയന്ത്രണത്തിനു വേണ്ടി, എ.ബി.സി

കേരളത്തിലെ പല നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും ഉയർന്നു കേൾക്കുന്ന കാര്യമാണ് തെരുവു നായ് ശല്യം. പെരുകി വരുന്ന നായ്ക്കൂട്ടങ്ങൾപലയിടത്തുംഭീഷണിയാവാറുണ്ട്.പ്രകൃതിയിലെ നല്ലൊരു ശുദ്ധീകരണ പ്രവർത്തകർ തന്നെയായ തെരുവു നായ്ക്കൾ ഒരേ സമയം ആവശ്യവും ഭീഷണിയുമാകുന്നു. കേരളത്തിൽ ശാസ്ത്രീയമായ രീതിയിൽ തെരുവു നായ്ക്കളെ കൈകാര്യം ചെയ്യാത്തത് വളരെ ദോഷകരമായി നമ്മെ ബാധിക്കുന്നു. തെരുവു നായ്ക്കളെ കൊല്ലുന്നത് സുപ്രീം കോടതി നിരോധിച്ചിരിക്കുന്നു. അതിനാൽ പെരുകുന്ന നായ്ക്കൂട്ടം സമൂഹത്തിനൊന്നാകെ ബാധ്യത യാകുന്നു. ഈയൊരു സാഹചര്യത്തിലാണ് ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്ത് നായ്ക്കളെ വന്ധ്യകരിക്കുവാൻ ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) എന്ന പ്രോജക്ട് നടപ്പിലാക്കിയത്. നായ് വംശ വർദ്ധന നിയന്ത്രണവും പേ വിഷ ബാധ കുത്തിവയ്പും ഇടുക്കി എസ്.പി.സി.എ യുടെ സഹകരണത്തോടെയാണ് കുമളി പഞ്ചായത്ത് നടപ്പിലാക്കിയത്.

## സവിശേഷതകൾ

- എ.ബി.സി പ്രോജക്ട് നടപ്പാക്കിയ ഇന്ത്യയിലെ ആദ്യ പഞ്ചായത്ത്
- ശാസ്ത്രീയമായ പരിഹാരം.
- പദ്ധതി നടപ്പാക്കിയത് അനിമൽ വെൽഫെയർ ബോർഡിന്റെ ഗ വേഷണ അടിസ്ഥാനത്തിൽ.
- പേ വിഷ ബാധയ്ക്കെതിരെ തെരുവു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്.

ജില്ല - ഇടുക്കി
പഞ്ചായത്ത് - കുമളി

Syril